79

# തയ്യാറെടുപ്പ്

**വായനാ ഭാഗം #33**

VII. യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച (തുടർച്ച).
E. ചൊവ്വ: "ചോദ്യങ്ങളുടെ വലിയ ദിവസം" (തുടർച്ച).
7. യെരുശലേമിന്റെ നാശത്തെക്കുറിച്ചും രണ്ടാം വരവിനെക്കുറിച്ചും അപ്പോസ്തലന്മാരോടുള്ള പ്രസംഗം (തുടർച്ച).
c. രണ്ടാം വരവിനെക്കുറിച്ചുള്ള ഉപദേശം (തുടർച്ച).
(2) ഉപമകളും ബന്ധപ്പെട്ട ഉപദേശങ്ങളും:
(a) പത്തു കന്യകമാർ (മത്താ.25:1–13).
(b) താലന്തുകൾ (മത്താ.25:14–30).
(c) ചെമ്മരിയാടുകളും കോലാടുകളും (മത്താ.25:31–46).
F. ബുധൻ: കൊടുങ്കാറ്റിനു മുൻപുള്ള ശാന്തത.
1. യേശു: തയ്യാറെടുക്കുന്നു (മത്താ.26:1, 2; യോഹ.13:1).
2. ന്യായാധിപസഭ: പദ്ധതിയിടുന്നു (മത്താ.26:3–5; മർക്കൊ.14:1, 2; ലൂക്കൊ.22:1, 2).
3. യൂദാ: ഒറ്റിക്കൊടുക്കുന്നു (മത്താ.26:14–16; മർക്കൊ.14:10, 11; ലൂക്കൊ.22:3–6).
G. വ്യാഴം:പെസഹക്കുള്ള ഒരുക്കം (മത്താ.26:17–19; മർക്കൊ.14:12–16; ലൂക്കൊ.22:7–13).
H. വെള്ളി: യേശുവിന്റെ മരണം.
1. അവസാന അത്താഴം.[1]
a. പെസഹ ആചരിച്ചു (മത്താ.26:20; മർക്കൊ.14:17, 18; ലൂക്കൊ.22:14–18).
b. സംതൃപ്തിയെ ശാസിച്ചു (ലൂക്കൊ.22:24–30).

**മുഖവുര**

സമയത്തിന് മുമ്പ് തയ്യാറെടുക്കുന്ന, ഒരുക്കത്തിന്റെ പ്രാധാന്യം നമുക്ക് മിക്കപേർക്കും അറിയാം. ജോലി വലുതായാലും ചെറുതായാലും, ഉദ്ദേശം അതിശയിക്കത്തക്കതും, ചോദ്യം ചെയ്യാവുന്നതാണെങ്കിൽ പോലും,[2] അതു ഒരുക്കത്തിനു നമ്മെ സഹായിക്കുന്നതാണ്. അയെസോപ്പിന്റെ ഉറുമ്പി–ന്റേയും പച്ചില–പ്പശുവിന്റെയും കെട്ടുകഥയിലെ ധാർമ്മികത്വം മിക്കപേർക്കും അറിയാമല്ലൊ. "നാളത്തെ ആഗ്രഹങ്ങൾക്ക് വേണ്ടി ഇന്നുതന്നെ ഒരുങ്ങുന്നതാണ് [ബുദ്ധി]."[3] ഒരുങ്ങുന്നതിനെ കുറിച്ച് ബൈബിളിൽ ധാരാളം പറയുന്നുണ്ട്: നോഹ ഒരു പെട്ടകം തയ്യാറാക്കി (എബ്രായർ 11:7); യോഹന്നാൻ സ്നാപകൻ ക്രിസ്തുവിനു വേണ്ടി വഴി ഒരുക്കി (യെശയ്യാവ് 40:3; മലാഖി 3:1; മത്തായി 3:3); യേശു നമുക്ക് വേണ്ടി ഒരു സ്ഥലം ഒരുക്കിക്കൊണ്ടിരിക്കുന്നു (യോഹന്നാൻ 14:1, 2; മത്തായി 25:34; എബ്രായർ 11:16).

ചൊവ്വാഴ്ച്ചയുടെ അവസാനം തുടങ്ങി, ക്രിസ്തു മരിക്കുന്ന ദിവസമായ വെള്ളിയാഴ്ച്ചയുടെ ആരംഭം വരെയുള്ള ഒരു അവസ്ഥാന്തര പാഠമാണ് നാം ഇപ്പോൾ പഠിക്കുന്നത്. തയ്യാറെടുപ്പ് – എന്ന ഒരുക്കത്തെ കുറിച്ചാണ് നാം ഈ പാഠത്തിൽ ഓടിച്ചു മനസിലാക്കുന്നത്.

## പരൗസിയക്കു[4] വേണ്ട തയ്യാറെടുപ്പ് (മത്താ.25:1-46)

അവന്റെ രണ്ടാം വരവിനെ കുറിച്ചും ലോകാവസാനത്തെ കുറിച്ചും ഉള്ള ശിഷ്യന്മാരുടെ ചോദ്യങ്ങൾക്ക് യേശു മത്തായി 24:36–ൽ മറുപടി പറയുവാൻ തുടങ്ങി എന്ന് നാം, കഴിഞ്ഞ പാഠത്തിൽ പറയുകയുണ്ടായി (24:3). അവന്റെ വരവിന്റെ സമയം ആർക്കും അറിയില്ല എന്നാണ് അവന്റെ മറുപടിയിൽ ഊന്നി പറഞ്ഞത് (24:36–41) അതുകൊണ്ട് അവന്റെ അനുയായികൾ എപ്പോഴും ഒരുങ്ങിയിരിക്കണം (25:42–51). ആ തയ്യാറെടുപ്പിന്റെ ഊന്നൽ മത്തായി 25 ലും തുടരുന്നുണ്ട്.

### പത്തു കന്യകമാർ (വാ.1-13)

പത്തു കന്യകമാരുടെ ഉപമയോടുകൂടെയാണ് അദ്ധ്യായം ആരംഭിക്കുന്നത്.[5] ആ മണവാട്ടിമാർ മണവാളനു വേണ്ടി ഒരുങ്ങിയിരിക്കുകയായിരുന്നു (വാ.1)[6] അവൻ എത്തിയപ്പോൾ വലിയ ആഘോഷവും, കല്ല്യാണവിരുന്നും നടന്നു. മണവാളന്ന് സ്വാഗതമരുളുന്ന കമ്മിറ്റിയിൽ വിളക്കുകളുമായി[7] ഒരുങ്ങി നില്ക്കേണ്ടവരായിരുന്നു കന്യകമാർ.

പ്രതീക്ഷിച്ചപ്പോൾ മണവാളൻ മടങ്ങി വന്നില്ല. തൽഫലമായി, ചിലരുടെ വിളക്കുകളിലെ എണ്ണ തീരുവാൻ തുടങ്ങി. അഞ്ചു കന്യകമാരെ (കെജെവി) പറഞ്ഞിരിക്കുന്നത് "ബുദ്ധിമതികൾ" എന്നാണ്, അവർ വേറെ എണ്ണ കരുതിയിരുന്നതുകൊണ്ടാകാം (എൻഎഎസ്ബിയിൽ) അവരെ "കരുതലുള്ളവർ" എന്നാണ് പറഞ്ഞിരിക്കുന്നത് (വാ.4) വേറെ എണ്ണ കരുതാതിരുന്നവരെ "ബുദ്ധിയില്ലാത്തവർ"[8] എന്നാണ് വിളിച്ചത്, അവർ വേറെ എണ്ണ വാങ്ങുവാനായി പോയി (വാ.3, 10). അവർ പോയപ്പോൾ മണവാളൻ വന്നു. അപ്പോൾ അവിടെയുണ്ടായിരുന്നവർ വിരുന്നുശാലയിലേക്ക് പ്രവേശിച്ചു. ബുദ്ധിയില്ലാത്തവർ എണ്ണയുമായിതിരിച്ചെത്തിയപ്പോൾ, വാതിലടച്ചിരിക്കുന്നതായി കണ്ടു, മുട്ടിയെങ്കിലും തുറന്നില്ല, ഒരുങ്ങിയിരിക്കാതിരുന്നതുകൊണ്ട് അവർക്ക് വിരുന്ന് നഷ്ടമായി.[9]

ബുദ്ധിയുള്ള കന്യകമാർ എന്തുകൊണ്ട് മറ്റുള്ളവർക്ക് തങ്ങളുടെ എണ്ണ പങ്കിട്ടില്ല എന്ന് നിങ്ങൾ ഒരുപക്ഷെ അതിശയിച്ചുകാണും. ഉപമയുടെ പ്രായോഗികതയിൽ അതിനുള്ള ഉത്തരമുണ്ട്. മണവാളനായ, ക്രിസ്തു (മത്തായി 9:15; യോഹന്നാൻ 3:29), മടങ്ങിവരുമ്പോൾ, യാതൊരു ഒരുക്കവും പങ്കിടുകയില്ല. നിങ്ങൾക്ക് വേണ്ടി എനിക്ക് ഒരുങ്ങുവാൻ സാധ്യമല്ല, എനിക്ക് വേണ്ടി നിങ്ങൾക്കും ഒരുങ്ങുവാൻ സാധ്യമല്ല. "ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തിന്ന് കണക്ക് ബോധിപ്പിക്കേണ്ടി വരും" (റോമർ 14:12).

ഈ വെല്ലുവിളിയോടുകൂടെ യേശു ആ ഉപമ അവസാനിപ്പിച്ചു: "ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ" (മത്തായി 25:13).

**താലന്തുകൾ (വാ.14-30)**

പത്തു കന്യകമാരുടെ ഉപമക്ക് ശേഷം താലന്തുകളുടെ ഉപമയാണ് വരുന്നത് (വാ.14–30). കന്യകമാരുടെ ഉപമ ക്രിസ്തുവിനുവേണ്ടി *ഒരുങ്ങിയിരിക്കു*ന്നവരുടെ ചിത്രമാണ് നല്കുന്നത്, എന്നാൽ നാം കാത്തിരിക്കുമ്പോൾ *പ്രവർത്തിക്കണ*മെന്നാണ് താലന്തുകളുടെ ഉപമ നൽകുന്ന സന്ദേശം.

യെരുശലേമിലേക്കുള്ള യാത്രയുടെ അവസാനം പറഞ്ഞ റാത്തലിന്റെ ഉപമയും താലന്തുകളുടെ ഉപമയും ഒന്നുതന്നെയാണ് (ലൂക്കൊസ് 19:11–27), എന്നാൽ നൽകിയ ഊന്നലിനു വ്യത്യാസമുണ്ട്. രാജ്യസ്ഥാപനം ഉടനല്ല എന്ന ഊന്നൽ ആയിരുന്നു റാത്തലിന്റെ ഉപമയിൽ പറഞ്ഞത്,[10] എന്നാൽ താലന്തുകളുടെ ഉപമയിൽ, കർത്താവിന്റെ വിശ്വസ്ത ദാസനായിരിക്കേണ്ട ആവശ്യത്തെയാണ് ഊന്നി പറഞ്ഞിരിക്കുന്നത്.

താലന്തുകളുടെ ഉപമയിൽ യജമാനൻ മൂന്ന് ദാസന്മാരെയാണ് തന്റെ സമ്പാദ്യം ഏല്പിച്ചുകൊടുക്കുന്നത്.[11] അവൻ ഒരു ദാസന്ന് അഞ്ചും മറ്റൊരാൾക്ക് രണ്ടും അവസാനത്തെ ആൾക്ക് ഒരു താലന്തും ആണ് നൽകിയത്. നാം “താലന്ത്” എന്ന വാക്ക് “കഴിവ്” ആയിട്ടാണ് ഉപയോഗിക്കുന്നത്, പക്ഷെ അക്കാലത്ത് അത് സംഖ്യയെയാണ് – വലിയ ഒരു സംഖ്യയെയാണ് ഉദ്ദേശിച്ചിരുന്നത്. അഞ്ചു–താലന്തു ലഭിച്ചയാളും രണ്ടു–താലന്തു ലഭിച്ചയാളും യജമാനന്റെ പണം കൂടുതൽ പണമുണ്ടാക്കുവാനായി ഉപയോഗിച്ചു. ഒരു–താലന്തു ലഭിച്ച മനുഷ്യൻ അതു നഷ്ടപ്പെട്ടു പോകുമോ എന്ന ഭയത്താൽ കുഴിച്ചിട്ടു. യജമാനൻ മടങ്ങി വന്നപ്പോൾ, ആദ്യത്തെ രണ്ടുദാസന്മാർക്കും പ്രതിഫലം കൊടുത്തു, എന്നാൽ മൂന്നാമത്തെ ദാസനെ ശിക്ഷിച്ചു.

വീണ്ടും, ഒരുങ്ങിയിരിക്കേണ്ട ആവശ്യത്തെ ഊന്നുന്നതാണ് സന്ദേശം – ഈ ചേർത്ത ചിന്തയോടെ:ക്രിസ്തുവിന്നായി തിരക്കുള്ളവരായിരുന്നുകൊണ്ടു മാത്രമേ നമുക്ക് ഒരുങ്ങിയിരിപ്പാൻ കഴിയു. അവൻ നമുക്ക് നൽകിയ വരങ്ങൾ അവന്റെ മഹത്വത്തിന്നായി ഉപയോഗിക്കുക.

**ചെമ്മരിയാടുകളും കോലാടുകളും (വാ.31-46)**

തന്റെ മടങ്ങിവരവിന്റെ ഒരു ചിത്രം വരച്ചുകൊണ്ടായിരുന്നു യേശു തന്റെ പ്രസംഗം അവസാനിപ്പിച്ചത്. ക്രിസ്തു രണ്ടാമത് വരുന്നത് ഭൗതികമായ, രാഷ്ട്രീയമായ ഒരു രാജ്യം ഭൂമിയിൽ സ്ഥാപിച്ച് ആയിരം ആണ്ട് വാഴുന്നതിനാണ് എന്ന് ചിലർ പഠിപ്പിക്കുന്നുണ്ട്. എങ്ങനെയായാലും, ക്രിസ്തു വന്ന ഉടനെ ന്യായവിധിയാണ് നടക്കുന്നത് എന്ന് സൂചിപ്പിച്ചിരിക്കുന്നു (വാ.31, 32).[12]

ന്യായവിധിയിൽ, കർത്താവ് ആളുകളെ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിക്കും. ചെമ്മരിയാടുകളെയും ചെമ്മരിയാടുകളെയും ഒരുമിച്ച് മേയുവാൻ പകൽസമയത്ത് അനുവദിക്കുകയും വൈകുന്നേരം വേർതിരിച്ച് തൊഴുത്തുകളിലാക്കുകയുമായിരുന്നു പതിവ്. ഇടയന്റെ ഭാവനയായതുകൊണ്ട് ചിലർ ഇതിനെ “ചെമ്മരിയാടുകളുടേയും കോലാടുകളുടേയും ഉപമ” എന്ന് വിളിച്ചിട്ടുണ്ട്. എങ്ങനെയായാലും, ഇതു “വെറും ഒരു കഥ” മാത്രമല്ല എന്ന് മനസിലാക്കുക. ന്യായവിധി വാസ്തവവും, തീർച്ചയുമുള്ളതാണ് (എബ്രായർ 9:27; പ്രവൃത്തികൾ 17:31).

യജമാനനെ സേവിക്കുന്നതിന്റെ പ്രാധാന്യമാണ് താലന്തുകളുടെ ഉപമ പഠിപ്പിക്കുന്നത്. ഒരുവിധത്തിൽ നമുക്ക് സേവിക്കുവാൻ കഴിയുന്ന ഉദാഹര

ണമാണ് ആ വേദഭാഗം നൽകുന്നത് – അതു നിർഭാഗ്യവാന്മാരെ സഹായിച്ചുകൊണ്ടാണ്: വിശപ്പുള്ളവരുടെ വിശപ്പ് മാറ്റുക, വീടില്ലാത്തവർക്ക് വീടുണ്ടാക്കുവാൻ സഹായിക്കുക, നഗ്നരെ ഉടുപ്പിക്കുക,[13] രോഗികളെ ശുശ്രൂഷിക്കുക, തടവിലുള്ളവരെ സന്ദർശിക്കുക തുടങ്ങിയവ. സഹശിഷ്യന്മാരെ സഹായിക്കുന്നതിനാണ് ഊന്നൽ (ത്തായി 25:40).[14] എന്നാൽ പ്രായോഗികത എല്ലാവർക്കും ഉള്ളതാണ് (ഗലാത്യർ 6:10).

നാം ഉപദേശത്തിൽ എത്ര ശക്തമാണ് എന്നതിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് സ്നേഹം നാം എപ്രകാരം പ്രാബല്യത്തിൽ വരുത്തുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് മത്തായി 25 ലെ ന്യായവിധി എന്നതുകൊണ്ട് ചിലർ സന്തോഷിക്കുന്നുണ്ട്. ഉപദേശത്തിലും ജീവിതത്തിലും നാം നീതിയുള്ളവരായിരിക്കണം എന്നു പഠിപ്പിക്കുന്ന മറ്റു വേദഭാഗങ്ങളിൽനിന്ന് ഇതിനെ മാറ്റി നിർത്താതിരിപ്പാൻ സൂക്ഷിക്കണം. (ഉദാഹരണത്തിന്, തിത്തൊസ്, 2:1; യാക്കൊബ് 1:27). ചിലരുടെ വിവേചം ഉപയോഗിക്കുകയാണെങ്കിൽ, നമുക്ക് ചിന്തിക്കുവാൻ പോലും കഴിയാത്ത രീതിയിൽ, യേശുവിലുള്ള വിശ്വാസമല്ല, സൽപ്രവൃത്തികളുടെ മാനദണ്ഡത്തിലാണ് ന്യായവിധി എന്നു കരുതേണ്ടി വരും – കാരണം മത്തായി 25:31–46 ൽ വിശ്വാസത്തെ കുറിച്ച് പറഞ്ഞിട്ടില്ല.

അതേസമയം, ധാർമ്മികമായ വിശുദ്ധിയും, ഉപദേശകൃത്യതയും മാത്രം പോരാ എന്ന് ഈ വാക്യങ്ങൾ നമ്മെ ബോധ്യമാക്കുന്നു. മറ്റുള്ളവരെ സഹായിക്കുന്നതിലൂടെയാണ് നാം നമ്മുടെ മതത്തെ കാണിക്കുന്നത് (യാക്കൊബ് 1:27). "താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കുവാൻ കഴിയാത്തവന്ന് കാണപ്പെടാത്ത ദൈവത്തെ എങ്ങനെ സ്നേഹിപ്പാൻ കഴിയും'' (1 യോഹന്നാൻ 4:20); "നന്മ ചെയ്‌വാൻ അറിഞ്ഞിട്ടും ചെയ്യാത്തവന്ന് അതു പാപം തന്നേ" (യാക്കൊബ് 4:17).

ക്രിസ്തുവിന്റെ മടങ്ങിവരവിനുവേണ്ടി ഒരുങ്ങേണ്ടത് എത്ര പ്രാധാന്യമുള്ള കാര്യമാണ്? ഒരുങ്ങാത്തവർ "നിത്യശിക്ഷാവിധിയിലേക്കും" ഒരുങ്ങിയവർ "നിത്യജീവങ്കലേക്കും" പോകും (മത്തായി 25:46). നീതിമാന്മാർ എന്നേക്കുമുള്ള അനുഗ്രഹത്തിലേക്കും, ദുഷ്ടന്മാർ ഇല്ലാതാകുകയും ചെയ്യും എന്നാണ് ചിലർ പറയുന്നത്. എങ്ങനെയായാലും, സ്വർഗം ഉള്ളേടത്തോളം നരകവും "നീണ്ടുപോകും" എന്നാണ് മത്തായി 25:46 പഠിപ്പിക്കുന്നത്.[15] കർത്താവിന്റെ മടങ്ങിവരവിനായി നാം ഒരുങ്ങേണ്ടതുണ്ട്!

## അത്യുൽസാഹത്തിനായി ഒരുങ്ങുക (മത്താ.26:1-5, 14-16; മർക്കൊ.14:1, 2, 10, 11; ലൂക്കൊ.22:1-6; യോഹ.13:1)

**യേശു:മുന്നറിയിക്കുന്നു (മത്താ.26:1, 2; യോഹ.13:1)**

ആ ദിവസം ക്രിസ്തുവും തന്റെ ശിഷ്യന്മാരും–ഒലിവ് മലഞ്ചെരുവിലേക്ക് വാങ്ങിപോകുന്നതിന് മുൻപായിരുന്നു ക്രിസ്തു യെരുശലേമിന്റെ നാശത്തെക്കുറിച്ചും തന്റെ രണ്ടാം വരവിനെ കുറിച്ചും (മത്തായി 24 ഉം 25 ഉം) പ്രസംഗിച്ചത് (മത്തായി 24:3). പ്രസംഗം ഒരുപക്ഷെ തുടങ്ങിയത്, ചൊവ്വാഴ്ച്ച അവസാനിക്കാറായപ്പോഴാകാം, അതു സൂര്യാസ്തമയശേഷം തുടർന്നിരിക്കാം,– അതു യെഹൂദന്മാരുടെ കണക്കുകൂട്ടലനുസരിച്ച്, അടുത്തദിവസം ആയിരിക്കാം. ഈ കണക്കുകൂട്ടൽ അനുസരിച്ച്, പ്രസംഗത്തിനുശേഷം ക്രിസ്തു

പറഞ്ഞ വാക്കുകൾ പെസഹക്ക് രണ്ട് ദിവസം മുൻപായിരുന്നു (മത്തായി 26:2), അതായത്, ബുധനാഴ്ച്ച. ചുരുങ്ങിയ സമയത്തിനുള്ളിൽ അവൻ മരിക്കും എന്ന് ഓർപ്പിക്കുന്നതായിരുന്നു ആ വാക്കുകൾ (മത്തായി 26:1, 2; മത്തായി 20:17–19 താരതമ്യം ചെയ്യുക).

ക്രിസ്തുവിന്റെ ആ ചുരുങ്ങിയ പ്രസ്താവന ഒഴിച്ചാൽ, ബുധനാഴ്ച്ചയോ അല്ലെങ്കിൽ വ്യാഴാഴ്ച്ചയുടെ ആരംഭഭാഗത്തോ അവൻ എങ്ങനെ സമയം ചെലവിട്ടു എന്ന് രേഖപ്പെടുത്തിയിട്ടില്ല.[16] അതു കൊടുങ്കാറ്റിനു മുൻപുള്ള ശാന്തതയായിരുന്നു. വെള്ളിയാഴ്ച്ചക്ക് മുൻപുള്ള മണിക്കൂറുകളിൽ യേശുവിന്റെ മനസിൽ ഉണ്ടായിരുന്നത് യോഹന്നാൻ 13:1 വ്യക്തമാക്കുന്നു: "പെസഹപെരുന്നാളിന് മുൻപേ താൻ ഈ ലോകം വിട്ട് പിതാവിന്റെ അടുക്കൽ പോകുവാനുള്ള നാഴിക വന്നു എന്ന് യേശു അറിഞ്ഞിട്ട്, ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ അവസാനത്തോളം അവരെ സ്നേഹിച്ചു." ബുധനാഴ്ച്ചയും വ്യാഴാഴ്ച്ചയും യേശു താൻ സ്നേഹിച്ച ശിഷ്യന്മാരെ തയ്യാറാക്കുകയായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. തന്റെ പിതാവുമായി ആശയവിനിമയം നടത്തുകയും, വരുവാനുള്ള അഗ്നിപരീക്ഷക്കു മുൻപ് വിശ്രമിക്കയും ചെയ്തിരിക്കാം. അവൻ കാൽവരിക്കുവേണ്ടി ഒരുങ്ങുകയായിരുന്നു.

**ന്യായാധിപസഭ: ക്രമീകരിക്കൽ (മത്താ.26:3-5; മർക്കൊ.14:1, 2; ലൂക്കൊ.22:1, 2)**

ക്രിസ്തു വിശ്രമിച്ചു കാണും, പക്ഷെ അവന്റെ ശത്രുക്കൾക്ക് വിശ്രമമില്ലായിരുന്നു. ബുധനാഴ്ച്ച (മർക്കൊസ് 14:1), ന്യായാധിപസഭ രഹസ്യത്തിൽ,[18] മഹാപുരോഹിതനായിരുന്ന കയ്യഫാവിന്റെ കൊട്ടാരത്തിൽ കൂടി (മത്തായി 26:3). യേശുവിനെ കൊല്ലുവാൻ തീരുമാനം എടുത്തു കഴിഞ്ഞ സമിതിയെ നയിച്ചതു കയ്യഫാവായിരുന്നു[19] (യോഹന്നാൻ 11:47–53; വാ.49 ശ്രദ്ധിക്കുക). ചൊവ്വാഴ്ച്ചയിലെ "വാക്പയറ്റിൽ" അവനെ അപകീർത്തിപ്പെടുത്തുവാൻ കഴിയാതിരുന്നതുകൊണ്ട്, ന്യായാധിപ സഭ മുൻപിലത്തേക്കാളധികം അവൻ മരിക്കേണം എന്ന് നിർണ്ണയിച്ചു. പകൽസമയത്ത് പരസ്യമായി അവനെ പിടിക്കുവാൻ അവർ ഭയപ്പെട്ടിരുന്നു (ലൂക്കൊസ് 22:2 നോക്കുക), രാത്രിയിൽ അവൻ എവിടെ പാർക്കുന്നു എന്നറിയാതിരുന്നതുകൊണ്ട് അവനെ രഹസ്യത്തിൽ പിടിക്കുവാനും കഴിഞ്ഞില്ല. ഒരുപക്ഷെ പെസഹ കഴിയുന്നതുവരെ അവനെ പിടിക്കുന്നതിനു കാത്തിരിക്കാമെന്ന് അവർ കരുതിയേക്കാം.

**യൂദാ:ഒറ്റിക്കൊടുക്കൽ (മത്താ.26:14-16; മർക്കൊ.14:10, 11; ലൂക്കൊ.22:3-6)**

തങ്ങൾ പ്രതീക്ഷിക്കാതിരുന്ന രീതിയിൽ ന്യായാധിപസഭയുടെ വൈഷമ്യം പരിഹരിക്കപ്പെട്ടു: യേശുവിന്റെ അപ്പൊസ്തലന്മാരിൽ ഒരാൾ ഒരു പരിഹാരവുമായി വന്നു. "പിന്നെ, പന്തിരുവരിൽ ഒരുത്തനായ ഈസ്കാര്യോത്താവായ യൂദാ അവനെ മഹാപുരോഹിതന്മാർക്ക് കാണിച്ചുകൊടുക്കേണ്ടതിന്ന് അവരുടെ അടുക്കൽ ചെന്നു" (മർക്കൊസ് 14:10). സ്പഷ്ടമായും, യൂദാ ചില ഒഴികഴിവ് പറഞ്ഞ് മറ്റ് അപ്പൊസ്തലന്മാരെ വിട്ട് പോയിരുന്നു. എങ്ങനെയോ ന്യായാധിപസമിതി എവിടെയാണ് കൂടിയിരുന്നത് എന്ന് അവൻ അറിഞ്ഞിരുന്നു. അവിടെ എത്തിയപ്പോൾ, അവൻ ചോദിച്ചു,

"നിങ്ങൾ എന്ത് തരും? ഞാൻ അവനെ കാണിച്ചു തരാം എന്നു പറഞ്ഞു" (മത്തായി 26:15).

അവൻ "മഹാപുരോഹിതന്മാരോടും പടനായകന്മാരോടും അവനെ *എങ്ങനെ* അവർക്ക് കാണിച്ചുകൊടുക്കാമെന്നതിനെക്കുറിച്ച് സംസാരിച്ചു" (ലൂക്കൊസ് 22:4; എംഫസിസ് മൈൻ). യേശുവിന്റെ കാര്യപരിപാടികൾ കൃത്യമായി യൂദാക്ക് അറിയാമായിരുന്നതുകൊണ്ട് (യോഹന്നാൻ 18:2), അവരെ രാത്രിയിൽ അവന്റെ അടുക്കൽ എത്തിക്കുവാൻ അവനു കഴിയു മായിരുന്നു. അപ്പോൾ "പുരുഷാരം ഇല്ലാതിരിക്കുമ്പോൾ അവർക്ക് അവനെ പിടിക്കാം" (ലൂക്കൊസ് 22:6; എൻഐവി). സംഗതികൾ ഇങ്ങനെയായതിൽ ന്യായാധിപസഭക്ക് സന്തോഷമായി (മർക്കൊസ് 14:11; ലൂക്കൊസ് 22:5; എൻഐവി). സന്തോഷത്തോടെ "അവർ മുപ്പതു വെള്ളിക്കാശ് തൂക്കി കൊടുത്തു" (മത്തായി 26:15).

നൂറ്റാണ്ടുകൾക്ക് മുൻപ് പ്രവചിച്ച ഒരു പ്രവചനം യൂദയുടെ ദുഷ്പ്ര വൃത്തിയാൽ നിറവേറി (സെഖര്യാവ് 11:12). ആ വെള്ളിക്കാശുകൾ ശേക്കെൽ ആയിരുന്നു എന്നാണ് പല പണ്ഡിതന്മാരും വിശ്വസിക്കുന്നത് (അല്ലെങ്കിൽ ശേക്കെലിനു തുല്യമായ സാറ്റേഴ്സ്).[20] നാല് ദിനാറാണ് ഒരു ശേക്കെൽ (അല്ലെങ്കിൽ സാറ്റർ).[21] ആ അധികാരികളുടെ കണക്ക് ശരിയാണെങ്കിൽ, മുപ്പതു വെള്ളിക്കാശ് എന്നു പറയുന്നത് ഒരു സാധാരണ ജോലിക്കാരന്റെ നാല് മാസത്തെ ശമ്പളമായിരുന്നു.[22] അത് ഏതാണ്ട് "ഒരു അടിമയുടെ ഉദ്ദേശ വിലയായിരുന്നു."[23]

മുപ്പതു വെള്ളിക്കാശ് കർത്താവിനെ പിടിച്ചു തടവിലാക്കി കഴിഞ്ഞാൽ കൊടുത്തു തീർക്കാവുന്ന പണത്തിന്റെ അച്ചാരമായിരിക്കുവാൻ സാധ്യത യുണ്ട്. മർക്കൊസ് 14:11 അനുസരിച്ച് ന്യായാധിപസഭ അവന് "പണം കൊടു ക്കാമെന്ന് *വാഗ്ദാനം* ചെയ്തിരുന്നു." (എംഫസിസ് മൈൻ.) ലൂക്കൊസിന്റെ വിവരണം അനുസരിച്ച്, അവർ "അവന് പണം കൊടുക്കാമെന്ന് ഏല്ക്കു കയും" അവൻ "സമ്മതിക്കുകയും ചെയ്തിരുന്നു" (ലൂക്കൊസ് 22:5, 6). മുപ്പതു വെള്ളിക്കാശ് അച്ചാരമായിരുന്നു എങ്കിൽ, അപ്പൊസ്തലൻ അവനെ കാണിച്ചുകൊടുപ്പാനുള്ള "നല്ല അവസരത്തിനായി കാത്തിരിക്കുകയായി രുന്നു" (മത്തായി 26:16).[24] യൂദായുടെ ഒറ്റിക്കൊടുപ്പ് "ചരിത്രത്തിലെ ഒരു സമസ്യ" ആയിട്ടാണ് അറിയപ്പെട്ടിരുന്നത്.[25] *എന്തു*കൊണ്ട്, എന്ന ചോദ്യം ആളുകളെ വിഷമിപ്പിച്ച, ഇരുണ്ട ദിനമായിരുന്നു അത്. തിരുവെഴുത്ത് വെളി പ്പെടുത്തുന്ന പ്രാഥമിക ലക്ഷ്യം യൂദായുടെ അത്യാഗ്രഹമായിരുന്നു (മത്തായി 26:14, 15; യോഹന്നാൻ 12:6 നോക്കുക). കുറച്ചു ദിവസങ്ങൾക്ക് മുമ്പ് യേശുവിന്റെ ശാസനയിൽനിന്ന് അപ്പൊസ്തലൻ മുക്തനായിരുന്നില്ല (യോഹന്നാൻ 12:4–8). തന്റെ പ്രചാരം വർദ്ധിപ്പിക്കുവാൻ യേശുവിന് കഴി യാതിരുന്നതിലും അവൻ നിരാശനായിരുന്നേക്കാം.[26] എച്ച്. ഐ. ഹെസ്റ്റർ എഴുതി,

> യെരുശലേമിൽ യേശുവിന്റെ രാജ്യത്തിന്റെ ഫലത്തെ കുറിച്ച് അവന് സന്ദേഹം ഉണ്ടായിക്കഴിഞ്ഞിരുന്നു. എന്തെങ്കിലും ഭൗതികമായ നേട്ടം ലഭി ക്കുമെന്ന പ്രതീക്ഷ അസ്ഥാനത്തായി. യേശുവിന്റെ കൂടെ നിന്നാൽ വലു തായി ഒന്നും നേടുവാനില്ല എന്ന് അവൻ തിരിച്ചറിഞ്ഞു. ... ഒരുപക്ഷെ ആ ഉദ്ദേശം ഫലിക്കയില്ല എന്ന് കണ്ട് ഇപ്പോൾ ലഭിക്കാവുന്നത് ഇതു മാത്രമാ

ണെന്ന് അവൻ കരുതി.[27]

യൂദാക്ക് കുറ്റമില്ലാത്ത ഉദ്ദേശമാണുണ്ടായിരുന്നതെന്ന് ചിലർ പറഞ്ഞു കേൾക്കാറുണ്ട്,[28] എന്നാൽ, അവന്റെ ഉദ്ദേശം ശുദ്ധമായിരുന്നു എങ്കിൽ, അവന്റെ ജീവൻ സാത്താന്റെ നിയന്ത്രണത്തിലാകുമായിരുന്നില്ല. "സാത്താൻ യൂദയിൽ പ്രവേശിച്ചു" എന്നാണ് പറഞ്ഞിട്ടുള്ളത് (ലൂക്കൊസ് 22:3; യോഹന്നാൻ 13:27 നോക്കുക).[29] അതിനർത്ഥം പ്രതിരോധിക്കുവാനാകാത്തവിധത്തിൽ സാത്താൻ അവനെ നിയന്ത്രിച്ചു എന്നല്ല (യാക്കൊബ് 4:7 നോക്കുക). മറിച്ച്, "പിശാച് ... ശിമോന്റെ മകനായ ഈസ്കാര്യോത്താവിന്റെ ഹൃദയത്തിൽ അവനെ കാണിച്ചുകൊടുപ്പാൻ തോന്നിച്ചിരുന്നു" (യോഹന്നാൻ 13:2).[30] സാത്താൻ നമ്മുടെ ഉള്ളിലേക്ക് അനാവശ്യ ചിന്തകൾ കടത്തിവിട്ട്, നമുക്ക് ചുറ്റും സംശയാസ്പദകാര്യങ്ങൾ കൈകാര്യം ചെയ്യുമാറാക്കും. പിശാച് എന്തിനാണ് യൂദായെ സ്വാധീനിച്ചത്? കാരണം അപ്പൊസ്തലൻ തന്റെ ഹൃദയത്തെ വഞ്ചകന്റെ നിയന്ത്രണത്തിനു തുറന്നുകൊടുത്തിരുന്നു.

ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയശേഷം, യൂദാ യേശുവിന്റേയും ശിഷ്യന്മാരുടേയും അടുത്തു വന്നു.[31] പുറമെ, അവൻ മുമ്പത്തേപോലെ കാണപ്പെട്ടു.[32] പക്ഷെ ആന്തരികമായി, അവന്റെ ഉള്ളിൽ ഏക ചിന്തയായിരുന്നു: "എനിക്ക് എങ്ങനെ ന്യായാധിപസഭയുമായുണ്ടാക്കിയ കരാർ നിറവേറ്റാൻ കഴിയും?" "അന്നുമുതൽ അവനെ കാണിച്ചുകൊടുപ്പാൻ അവൻ തക്കം അന്വേഷിച്ചുപോന്നു" (മത്തായി 26:16).

### പെസഹക്കു വേണ്ട തയ്യാറെടുപ്പ്
### (മത്താ.26:17-20; മർക്കൊ.14:12-18;
### ലൂക്കൊ.22:7-18, 24-30)

ഒരു ബുധനാഴ്ച്ച രാത്രി (നാം സമയം കണക്കാക്കുമ്പോലെ) "ഭൂമിയിൽ അവസാനമായി അവൻ തല ചായിച്ചു, വ്യാഴാഴ്ച്ച രാവിലെ അവൻ ഉണർന്നെഴുന്നേറ്റത് വീണ്ടും ഉറങ്ങാതിരിപ്പാനായിരുന്നു."[33] "പുളിപ്പില്ലാത്ത അപ്പത്തിന്റെ ഒന്നാം നാൾ" എന്നായിരുന്നു ആ വ്യാഴാഴ്ച്ചയെ വിളിച്ചിരുന്നത് (മത്തായി 26:17; മർക്കൊസ് 14:12; ലൂക്കൊസ് 22:7) കാരണം പ്രത്യേക വിരുന്നിനുള്ള ഒരുക്കനാളായിരുന്നു അത്.[34] "അന്ന് പെസഹക്കുഞ്ഞാടിനെ അറുക്കേണ്ട ദിവസമായിരുന്നു" (ലൂക്കൊസ് 22:7; മർക്കൊസ് 14:12) സൂര്യാസ്തമയശേഷം പെരുന്നാൾ ഭക്ഷിക്കേണ്ടിയിരുന്നു (യെഹൂദന്മാരുടെ കണക്കനുസരിച്ച്, വെള്ളിയാഴ്ച്ച).

#### പെസഹ ഒരുക്കി (മത്താ.26:17-19;
#### മർക്കൊ.14:12-16; ലൂക്കൊ.22:7-13)

ശിഷ്യന്മാർ ക്രിസ്തുവിന്റെ അടുക്കൽ വന്നു, ചോദിച്ചു, "നീ പെസഹ കഴിപ്പാൻ ഞങ്ങൾ ഒരുക്കേണ്ടത് എവിടെ?" (മത്തായി 26:17). ഒരുക്കത്തിനായി യേശു പത്രൊസിനേയും യോഹന്നാനേയും അയച്ചു (ലൂക്കൊസ് 22:8; മർക്കൊസ് 14:13), ഈ അസാധാരണ നിർദ്ദേശങ്ങൾ കൊടുത്താണ് അയക്കുന്നത്: "നഗരത്തിൽ ചെല്ലുവിൻ, അവിടെ ഒരു മനുഷ്യൻ ഒരു കുടം വെള്ളവുമായി നിങ്ങളെ എതിർപെടും" (മർക്കൊസ് 14:13). കുടത്തിൽ വെള്ളവുമായി സാധാരണപോകുന്നതു സ്ത്രീകളായതുകൊണ്ട്, പുരുഷൻ കുട

വുമായി വരുന്നതു കണ്ടുപിടിക്കുന്നതിനു പ്രയാസമില്ലല്ലൊ. അവന്റെ പിന്നാലെ ചെല്ലുവാനായിരുന്നു ക്രിസ്തു ശിഷ്യന്മാരോട് പറഞ്ഞത്. “അവൻ കടക്കുന്ന വീട്ടിലേക്ക് കടന്ന്, ആ വീട്ടുടയവനോട് പറയുക, ‘ഗുരു പറയുന്നു “ഞാൻ എന്റെ ശിഷ്യന്മാരുമായി പെസഹ കഴിക്കുന്നത് എവിടെ?”’ ” (മർക്കൊസ് 14:13, 14; മത്തായി 26:18 നോക്കുക).

യേശു തന്റെ നടപടികൾ ഇപ്രകാരം ഏർപ്പെടുത്തിയതുകൊണ്ട്, യൂദാ വൈകുന്നേരം വരെ ഇതൊന്നും അറിയാതിരുന്നതുകൊണ്ട് ന്യായാധിപസഭയെ നേരത്തെ അറിയിക്കുവാൻ കഴിഞ്ഞില്ല എന്ന് പറയപ്പെടുന്നുണ്ട്. അല്ലെങ്കിൽ പ്രധാനപ്പെട്ട പല സംഭവങ്ങളും – കർത്തൃമേശ സ്ഥാപനം, “വലിയ വിടവാങ്ങൽ പ്രസംഗം” (യോഹന്നാൻ 14–16), കർത്താവിന്റെ പ്രാർത്ഥന (യോഹന്നാൻ 17), ഗദ്ശെമനയിലെ വിയർപ്പൊഴുക്കൽ – സംഭവിച്ചിരിക്കയില്ല. ആ സംഭവപരമ്പര യേശു മുൻകൂട്ടി ഏർപ്പെടുത്തിയതാണോ (ഒരു കുടം വെള്ളവുമായി മനുഷ്യൻ വരുന്നത്), അല്ലെങ്കിൽ അവൻ തന്റെ ദൈവിക മുന്നറിവ് പ്രയോഗിച്ചോ? നമ്മോട് പറഞ്ഞിട്ടില്ല.

വീട്ടുടയവൻ “വിരിച്ചൊരുക്കിയ ഒരു വൻ മാളിക” കാണിച്ചുതരും എന്ന് യേശു പത്രൊസിനോടും യോഹന്നാനോടും പറഞ്ഞിരുന്നു (മർക്കൊസ് 14:15). ദൈവശ്വാസിയമല്ലാത്ത പാരമ്പര്യമനുസരിച്ച്, “ആ മാളികമുറിയിലായിരുന്നു” ശിഷ്യന്മാർ പിന്നീട് പെന്തെകൊസ്തുനാൾ വരെ പാർത്തിരുന്നത് (പ്രവൃത്തികൾ 1:12, 13). യോഹന്നാന്റെ അമ്മയുടേതായിരുന്നു ആ വീട് എന്ന് ചിലർ ഊഹിക്കുന്നുണ്ട് (പ്രവൃത്തികൾ 12:12). സ്പഷ്ടമായും ആ വീട് കർത്താവിന്റെ ഒരുശിഷ്യന്റേതായിരുന്നു (മത്തായി 26:18); അതിനപ്പുറമായി മറ്റൊരു വിവരവും വേദഭാഗം നൽകുന്നില്ല.

ആ മുറി “വിരിച്ചൊരുക്കിയതായിരിക്കും” എന്നായിരുന്നു അപ്പൊസ്തലന്മാരോട് വാഗ്ദാനം ചെയ്തത് (മർക്കൊസ് 14:15). മുറി വൃത്തിയാക്കി, മേശയും തറയിലെ കുഷ്യനുകളെല്ലാം തൽസ്ഥാനത്തിടുകയും, വിരുന്നുകാർക്ക് കാൽകഴുകുന്നതിനുള്ള ഏർപ്പാടും പൂർത്തിയാക്കി കഴിഞ്ഞു (യോഹന്നാൻ 13:3–5). ഒരുപക്ഷെ ആഘോഷത്തിനു വേണ്ട മാവും തയ്യാറാക്കി കഴിഞ്ഞിരിക്കാം (പുറപ്പാട് 12:15).[35]

പത്രൊസും യോഹന്നാനും ചെന്നപ്പോൾ “അവൻ അവരോട് പറഞ്ഞതുപോലെ കണ്ടു” അവർ പെസഹക്കു വേണ്ട ഒരുക്കങ്ങൾ തുടങ്ങി (മർക്കൊസ് 14:16). ധാരാളം കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു:കുഞ്ഞാട് വാങ്ങിയിട്ടില്ലെങ്കിൽ അതു വാങ്ങേണ്ടതായിട്ടുണ്ട്,[36] – കുഞ്ഞാട് ഊനമില്ലാത്തതായിരിക്കണം (പുറപ്പാട് 12:5). കുഞ്ഞാടിനെ അറുക്കേണ്ട ചടങ്ങിന് അതിനെ ദൈവാലയത്തിൽ കൊണ്ടുപോകണം. അവിടെ ശിഷ്യന്മാർ അതിനെ കൊല്ലും, പുരോഹിതൻ അതിന്റെ രക്തം യാഗപീഠത്തിൽ ഒഴിക്കും. അതിലെ ഏതാനും ഭാഗം യാഗപീഠത്തിൽ ദഹിപ്പിക്കുന്നതിന് മാറ്റിയശേഷം, ബാക്കി വരുന്ന മാംസം ഉടമസ്ഥനെ ഏല്പിക്കും (ലേവ്യാപുസ്തകം 3:3–5). പിന്നെ കുഞ്ഞാടിനെ പാകം ചെയ്യും (പുറപ്പാട് 12:8). ആ ഒരുക്കത്തിനിടയിലോ പെരുന്നാളിലോ അവയുടെ അസ്ഥി ഒന്നും ഒടിയാതെ നോക്കേണ്ടിയിരുന്നു (പുറപ്പാട് 12:46; സംഖ്യാപുസ്തകം 9:12).[37] താഴെ കൊടുത്തിരിക്കുന്നവയടക്കമുള്ള മറ്റു കാര്യങ്ങൾ പെസഹാ ഭക്ഷണത്തിന് ഒരുക്കേണ്ടിയിരുന്നു.[38]

- പുളിപ്പില്ലാത്ത അപ്പം (പുറപ്പാട് 12:8, 18–20; 13:6, 7; 34:18, 25; ലേവ്യാ

പുസ്തകം 23:6; സംഖ്യാപുസ്തകം 9:11; 28:17), "കഷ്ടതയുടെ ആഹാരം" (ആവർത്തനപുസ്തകം 16:3, 8).

- വീഞ്ഞ് (മത്തായി 26:27, 29 നോക്കുക), യേശുവിന്റെ കാലത്ത് ആഘോഷത്തിന് നാല് കപ്പ് വീഞ്ഞ് ഉപയോഗിച്ചിരുന്നു,[39] അതു പാരമ്പര്യമായി പുറപ്പാട് 6:6, 7 ലെ നാല് വാഗ്ദാനങ്ങളെ പ്രതിനിധീകരിക്കുകയാണ്.
- കൈപ്പ് ചീര (പുറപ്പാട് 12:8; സംഖ്യാപുസ്തകം 9:11), മിസ്രയിം അടിമത്വത്തിന്റെ കയ്പേറിയ അനുഭവത്തെ ഓർക്കേണ്ടതിന്.
- യിസ്രായേൽ മിസ്രയിമിൽ വെച്ച് ഇഷ്ടക ഉണ്ടാക്കിയിരുന്നതിന്റെ ഓർമ്മക്കായി പഴവും പരിപ്പുകളും ഇടിച്ച് വിനേഗറിലോ വീഞ്ഞിലോ[40] നനച്ച് കുഴമ്പുരൂപത്തിൽ, കട്ടിയായതും മുക്കാവുന്നതുമായ ഒന്ന്.[41]

**പെസഹ ആചരിച്ചു (മത്താ.26:20; മർക്കൊ.14:17, 18; ലൂക്കൊ.22:14-18)**

സൂര്യാസ്തമയത്തിനു മുൻപ് ഒരുക്കിയിരുന്ന സ്ഥലത്ത് യേശു "പന്തിരുവരുമായി വന്നു" (മർക്കൊസ് 14:17). റബ്ബിമാരുടെ ഉപദേശം അനുസരിച്ച്, ഓരോ ആടിനേയും ഭക്ഷിക്കേണ്ടത് പത്തിൽ കുറയാതെയും ഇരുപതിൽ കൂടാതെയും ഉള്ള ആളുകളായിരിക്കണം.[42] മാളികമുറിയിൽ പാകം ചെയ്ത് കുഞ്ഞാടിന്റെ മാംസം ഭക്ഷിക്കുവാൻ പതിമൂന്നു പേരുണ്ടായിരുന്നു, അതിനെ ഓരോരുത്തർക്കും കയ്യിൽ എടുത്ത് ഭക്ഷിക്കാവുന്ന രീതിയിൽ ചെറിയ കഷണങ്ങളാക്കിയിരുന്നു.[43]

പൊക്കം കുറഞ്ഞ പെസഹാ അപ്പം വെച്ചിരിക്കുന്ന മേശയുടെ ഒരുവശത്തായി യേശു ഇരിക്കുന്നു (മത്തായി 26:20; മർക്കൊസ് 14:18; ലൂക്കൊസ് 22:14).[44] യോഹന്നാൻ അവന്റെ വലതുവശത്തായിരുന്നു (യോഹന്നാൻ 13:23), യൂദാ ഒരുപക്ഷെ ഇടതുവശത്തുമായിരുന്നേക്കാം,[45] മറ്റു ശിഷ്യന്മാർ മേശക്ക് ചുറ്റും അവിടവിടെയായി നിന്നു കാണും. അവന്റെ കണ്ണിൽ സ്നേഹപ്രകാശം ഉണ്ടായിരുന്നു (യോഹന്നാൻ 13:1, 34 നോക്കുക). അവൻ പറഞ്ഞു, "ഞാൻ കഷ്ടം അനുഭവിക്കും മുമ്പെ, ഈ പെസഹ[46] നിങ്ങളോടു കൂടെ കഴിപ്പാൻ വാഞ്ഛയോടെ ആഗ്രഹിച്ചു, അതു ദൈവരാജ്യത്തിൽ നിവൃത്തിയാകുവോളം ഞാൻ ഇനി അതു കഴിക്കയില്ല എന്നു ഞാൻ നിങ്ങളോട് പറയുന്നു" (ലൂക്കൊസ് 22:15, 16).

പെസഹ "ദൈവരാജ്യത്തിൽ നിവർത്തിയാകുക" എന്നു പറഞ്ഞപ്പോൾ ക്രിസ്തു എന്താണ് അർത്ഥമാക്കിയത്? പെസഹയെ നാം ചിന്തിക്കുന്നത് ക്രിസ്തുവിന്റെ യാഗത്തിന്റെ ഒരുനിഴലായിട്ടാണ്, അത് അങ്ങന തന്നെയാണ് (1 കൊരിന്ത്യർ 5:7; യോഹന്നാൻ 1:29, 36; 1 പത്രൊസ് 1:18, 19; എബ്രായർ 9:14; വെളിപ്പാട് 5:6, 12). എങ്ങനെയായാലും, കർത്താവ് പെസഹ "ദൈവരാജ്യത്തിൽ നിവർത്തിയാകും" എന്ന് പറഞ്ഞു. യെഹൂദന്മാർ പണ്ട് അവരെ വിടുവിച്ചതിന്റേയും ഭാവിയിൽ അവരെ വിടുവിക്കുമെന്നതിന്റേയും ഓർമ്മക്കായിരുന്നു യെഹൂദന്മാർ പെസഹ ആചരിച്ചിരുന്നത്. ആ ചിന്തയെ വളർത്തി, വിടുതൽ മശിഹാരാജ്യത്തിലാണെന്ന് അവൻ സൂചിപ്പിക്കുന്നു.

രാജ്യം സഭയാണ് (മത്തായി 16:18, 19), സഭ ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് (എഫെസ്യർ 1:22, 23; 2:16; 5:23, 25). യിസ്രായേലിനെ ദൈവം മിസ്രയിമിൽനിന്നു വിടുവിച്ചതിന്റെ ഓർമ്മക്കായിരുന്ന

യെഹൂദന്മാരുടെ പെസഹ എന്നപോലെ, ദൈവം നമ്മെ പെസഹാ കുഞ്ഞാടിന്റെ യാഗത്താൽ "ഇരുട്ടിന്റെ അധികാരത്തിൽനിന്ന് വിടുവിച്ച് ... തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുന്നു" (കൊലൊസ്യർ 1:13; കെജെവി). പെസഹ "ദൈവരാജ്യത്തിൽ നിവർത്തിയായതായി"[47] കാണാം, അതായത് സഭയിൽ.

ദൈവരാജ്യത്തിൽ അതു നിവർത്തിയായശേഷം വീണ്ടും പെസഹ ഭക്ഷിക്കും എന്നാണ് യേശു പറഞ്ഞത്. "ഭക്ഷിക്കുക" എന്നത് ആലങ്കാരികമായി "പങ്കെടുക്കുക" എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. മശിഹ വരുന്നതും രാജ്യം സ്ഥാപിക്കുന്നതും വിരുന്നായി ആഘോഷിക്കുക എന്നതായിരുന്നു യെഹൂദന്മാരുടെ ചിന്ത (യെശയ്യാവ് 25:6–8; ലൂക്കൊസ് 13:29; 22:30). രാജ്യം ഈ ലോകപ്രകാരം അല്ലായ്കകൊണ്ട് (യോഹന്നാൻ 18:36), വിരുന്നും ലോകപ്രകാരമുള്ളതല്ല. മശിഹാവിരുന്നിന്റെ അന്തിമ പ്രത്യാശ നിറവേറപ്പെടുന്നതു സ്വർഗത്തിലാണ് (വെളിപ്പാട് 19:7–9); എന്നാൽ ഈ ജീവിതത്തിലും, രാജ്യത്തിൽ/സഭയിൽ പ്രവേശിച്ച നാം ആത്മീയ വിരുന്ന് അനുഭവിക്കുന്നുണ്ട്. നമ്മുടെ ആത്മീയ-അനുഗ്രഹ വിരുന്നിൽ കാണപ്പെടാത്തവനായി യേശുവും ആസ്വദിക്കുന്നുണ്ട് (എഫെസ്യർ 1:3; വെളിപ്പാട് 3:20; മത്തായി 18:20).

പെരുന്നാൾ ആരംഭിക്കുന്നതിന് തൊട്ടുമുൻപ്, യേശു ഒരു കപ്പ് വൈൻ എടുത്ത്, വാഴ്ത്തി, പന്തിരുവരോട് പറഞ്ഞു, "ഇതു വാങ്ങി പങ്കിട്ടു കൊൾവിൻ" (ലൂക്കൊസ് 22:17). കർത്തൃമേശ സ്ഥാപനത്തിന് ഉപയോഗിച്ച കപ്പ് ആയിരുന്നില്ല അത്; അത് വരുന്നത് അത്താഴം കഴിഞ്ഞായിരുന്നു (ലൂക്കൊസ് 22:20). പെസഹാ പെരുന്നാളിന് ഉപയോഗിച്ച പല കപ്പുകളിൽ ആദ്യത്തേതായിരുന്നു അത്. ക്രിസ്തു പിന്നീട് ആദ്യം പറഞ്ഞ ചിന്ത ആവർത്തിക്കുകയുണ്ടായി: "ദൈവരാജ്യം വരുവോളം മുന്തിരിവള്ളിയുടെ അനുഭവം ഞാൻ കുടിക്കുകയില്ല" (ലൂക്കൊസ് 22:18). ക്രിസ്തു മരിച്ച്, അടക്കപ്പെട്ട്, ഉയിർത്തെഴുന്നേറ്റശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ രാജ്യം/സഭ നിലവിൽ വന്നു. മുൻപ് കണ്ടതുപോലെ, നാം ആസ്വദിക്കുന്ന ആത്മീയ വിരുന്നിൽ കർത്താവ് പങ്കെടുക്കുമെന്ന വാക്കുകൾക്ക് പൊതുവായ പ്രായോഗികതയുണ്ട്. എങ്ങനെയായാലും, നാം അടുത്ത പാഠത്തിൽ കാണുവാൻ പോകുന്നതുപോലെ, നാം കർത്തൃമേശയിൽ പങ്കെടുക്കുന്നതിന് പ്രത്യേക പ്രായോഗികതയുണ്ട്.

**പെസഹ തടസപ്പെട്ടു (ലൂക്കൊ.22:24-30)**

സ്നേഹത്തിലും, സമാധാനത്തിലുമാണ് പെരുന്നാൾ ആരംഭിച്ചത്, എന്നാൽ പെട്ടെന്ന് തങ്ങളിൽ ആരായിരിക്കും പ്രാധാന്യമുള്ളവൻ എന്ന പഴയ ഒരു വാദം അവർക്കിടയിൽ പൊങ്ങി വന്നു (വാ.24; മർക്കൊസ് 9:34; ലൂക്കൊസ് 9:46 നോക്കുക).[48] രാജ്യത്തെ കുറിച്ച് പറഞ്ഞതുകൊണ്ടാകാം ഒരുപക്ഷെ ആ വാദം ഉയർന്ന് വന്നത്. ഒരുപക്ഷെ ഇരിപ്പിടം ഏർപ്പെടുത്തിയിരുന്ന രീതികൊണ്ടുമാകാം അങ്ങനെ ചിന്തിച്ചത്. കാരണം എന്തായാലും, ബാലിശവും, സ്വാർത്ഥവും ആയ ആ കശപിശ യേശുവിന്റെ ഹൃദയത്തെ വേദനിപ്പിച്ചു. ദൈവരാജ്യത്തിന്റെ മാഹാത്മ്യം സ്ഥാനത്തിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് സേവനത്തിന്റെ അടിസ്ഥാനത്തിലാണ് ആയിരിക്കുന്നതെന്ന് അവൻ ക്ഷമയോടെ തന്റെ അനുയായികളെ ബോധ്യപ്പെടുത്തി (ലൂക്കൊസ്

22:25–27; മത്തായി 18:1–5; 20:25–28; 23:10–12).

തന്നോടുള്ള വിശ്വാസം മറന്നുപോകരുതെന്ന് അവൻ അവരോട് ഉറപ്പിച്ചു പറഞ്ഞിരുന്നു. താൻ കടന്നുപോകുന്ന പരീക്ഷണങ്ങളിൽ അവനോടൊപ്പം നിന്നാൽ പ്രതിഫലം ലഭിക്കുന്നതായിരിക്കുമെന്നും ഓർപ്പിച്ചു (ലൂക്കൊസ് 22:28). അവർ ദൈവരാജ്യത്തിന്റെ/സഭയുടെ ശക്തമായ ഒരു ഭാഗമാകുകയും (വാ.29; 1 കൊരിന്ത്യർ 12:28) അവനുമായി വ്യക്തിപരമായ അടുത്ത ബന്ധം ഉണ്ടായിരിക്കയും ചെയ്യും (ലൂക്കൊസ് 22:30). അവർ അവനോടുകൂടെ വാഴുക പോലും ചെയ്യും (വാ.30)[49]

**ഉപസംഹാരം**

തന്നെ വെറുതെ സേവിക്കുവാനല്ല യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞത്; അവൻ ശിഷ്യന്മാരുടെ കാലുകൾ കഴുകി *താഴ്മയുള്ള* സേവനം കാണിച്ചുകൊടുത്തു (യോഹന്നാൻ 13:2–20). നമ്മുടെ അടുത്ത പാഠത്തിൽ, ആ സംഭവവും അവസാന അത്താഴവുമായി ബന്ധപ്പെട്ട കാര്യങ്ങളും പഠിക്കും. അതിൽ മുഖ്യമായ ഒന്ന് കർത്തൃമേശ സ്ഥാപനമാണ്.

നാം അവസാനിപ്പിക്കുമ്പോൾ, നമുക്ക് തയ്യാറെടുപ്പ് എന്ന വിഷയത്തിലേക്ക് മടങ്ങി വരാം. ഏതെങ്കിലും ഒരു ദിവസം മടങ്ങി വരും; അതു ഇന്നാ*യിരിക്കാം* (മത്തായി 24:36, 42–44). നിങ്ങൾ തയ്യാറാണോ?

---

കുറിപ്പുകൾ

[1]"അവസാന അത്താഴം" എന്നത് മാളികമുറിയിലെ പെസഹയെയും അതുമായി ബന്ധപ്പെട്ട സംഭവങ്ങളെയും പാരമ്പര്യമായി വിളിച്ചിരിക്കുന്നതാണ്. തന്റെ ക്രൂശീകരണത്തിനു മുൻപ് യേശു തന്റെ ശിഷ്യന്മാരുമായി കഴിച്ച അവസാന അത്താഴമായിരുന്നു അത്. [2]ന്യായാധിപസഭ "ഒരുങ്ങിയത്" യേശുവിനെ കൊല്ലുവാനായിരുന്നു. [3]*ബാർട്ട്ലെറ്റ്സ് ഫെമിലിയർ ക്വട്ടേഷനിൻ നിന്ന് ഉദ്ധരിച്ചതാണ്. വിപുലപ്പെടുത്തിയത് മൾട്ടിമീഡിയ എഡിഷൻ* (ടൈം വാർണർ എലെക്ട്രോണിക്ക് പബ്ലിഷിങ്ങ്, 1995). ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു എന്നു കരുതപ്പെടുന്ന യവനനായിരുന്നു അയേസോപ്. മൃഗങ്ങളെ കുറിച്ച് അദ്ദേഹം ധാരാളം കെട്ടുകഥകൾ രചിച്ചിട്ടുണ്ട്. [4]മുൻപ് നാം കണ്ടതുപോലെ, യേശുവിന്റെ രണ്ടാം വരവിന് വേണ്ട, സാങ്കേതിക ഗ്രീക്ക് വാക്കാണ് *വാഗ്ദാനം*. [5]ഇവിടെ പറഞ്ഞിരിക്കുന്ന "കന്യകമാർ" എന്നത് ഒരുപക്ഷെ യുവതികളും, അവിവാഹിതരും ആയ സ്ത്രീ ദാസിമാർ ആയിരുന്നേക്കാം. ആർഎസ്‌വിയിൽ "മെയിഡൻസ്" എന്നാണ്. എൻ ആർഎസ്‌വിയിൽ "ബ്രൈഡ്സ്മെയിഡ്സ്" എന്നാണ്. അക്കാലത്ത്, ഒരു യെഹൂദയുവതി, അവിവാഹിതയാണെങ്കിൽ, അടിസ്ഥാനപരമായി കന്യകയായിട്ടായിരുന്നു കണക്കാക്കപ്പെട്ടിരുന്നത്. [6]കന്യകമാർ മണവാളന്റെ വരവിനായി മണവാട്ടിയുടെ വീട്ടിലായിരിക്കാം കാത്തിരുന്നത്. മണവാളൻ മണവാട്ടിയുമായി വരുന്നതിനുവേണ്ടി മണവാളന്റെ വീട്ടിൽ കാത്തിരിക്കുവാനാണ് കൂടുതൽ സാധ്യത. [7]അവ തിരിയോടുകൂടിയ ചെറിയ മൺപാത്രങ്ങളായിരുന്നു, അക്കാലത്ത് പൊതുവിൽ ഉപയോഗിച്ചിരുന്നത് (മത്തായി 5:15 നോക്കുക). ഒരു പ്രദക്ഷിണത്തിനു ഉപയോഗിച്ചിരിക്കുവാൻ സാധ്യത ടോർച്ചായിരിക്കുവാനാണ് സാധ്യതയെന്ന് ചിലർകരുതുന്നു. (അമേരിക്കയിൽ "ടോർച്ച്" എന്നു പറയുന്നത് കമ്പിന്റെ ഒരറ്റത്ത് തുണി ചുറ്റി കത്തിക്കുന്ന പന്തമാണ്, അല്ലാതെ ഫ്ളാഷ് ലൈറ്റല്ല.) [8]ഒരു ഉപദേഷ്ടാവ് പറഞ്ഞത് "അഞ്ചുപേർ ബുദ്ധിയുള്ളവരും അഞ്ചുപേർ മറിച്ചുമായിരുന്നു"

എന്നാണ്. [9]മത്തായി 25:12 ലെ "അറിയുക" എന്ന വാക്കിന്റെ അർത്ഥം (ബൈബിളിൽ പലപ്പോഴുമെന്നപോലെ) ഉപയോഗിച്ചിരിക്കുന്നത് "അനുകൂലമായ ജ്ഞാനം" ആയിട്ടാണ്. അവർ *ആരാ*യിരുന്നു എന്ന് യജമാനൻ അറിഞ്ഞിരുന്നു, എന്നാൽ അവർ ആഘോഷത്തിന്റെ ഭാഗമാണെന്ന് അവൻ സമ്മതിച്ചില്ല (മത്തായി 7:23 മായി താരതമ്യം ചെയ്യുക). [10]*ക്രിസ്തുവിന്റെ ജീവിതം 5* ലെ "മരണം ആസന്നമാകുമ്പോൾ" എന്ന പാഠം നോക്കുക.

[11]ഈ ഉപമ വിശദമായി പഠിക്കുവാൻ, "കർത്താവിന്നായി എല്ലാം സാഹസപ്പെടുത്തൽ" എന്ന പാഠം നോക്കുക. [12]പല തരത്തിലുള്ള ന്യായവിധികളുണ്ടെന്ന് ചിലർ പഠിപ്പിക്കുന്നുണ്ട്, മത്തായി 25:31–46 ലെ ന്യായവിധി മറ്റു ന്യായവിധികളിൽനിന്ന് വ്യത്യസ്തമാണ് എന്നും പറയുന്നുണ്ട്. എന്നാൽ ബൈബിളിൽ ഒരേ ഒരു ന്യായവിധി നാളിനെ കുറിച്ചേ പറയുന്നുള്ളു (എബ്രായർ 9:27). [13]ഈ വേദഭാഗത്തിലെ "നഗ്നമായ" എന്ന വാക്ക് തിരുവെഴുത്തിൽ പലപ്പോഴും ഉപയോഗിച്ചിരിക്കുന്നതുപോലെ മതിയായ വസ്ത്രം ധരിക്കാത്ത എന്ന അർത്ഥത്തിലാണ്. [14]തടവിലായവർ ഒരുപക്ഷെ അവരുടെ വിശ്വാസം നിമിത്തമായിരുന്നു തടവിലാക്കപ്പെട്ടത്. നിങ്ങൾ ഒരു സഹോദരനെയോ സഹോദരിയെയോ സഹായിക്കുകയോ മോശമായി കണക്കാക്കി പെരുമാറുകയോ ചെയ്യുമ്പോൾ അതു യേശുവിനെയാണെന്ന പോയിന്റ് നിങ്ങൾക്ക് വേണമെങ്കിൽ പറയാം (മത്തായി 25:40, 45; പ്രവൃത്തികൾ 9:4 നോക്കുക). [15]മത്തായി 25:46 ലെ "ശിക്ഷ" ക്കും "ജീവനും" ഉപയോഗിച്ചിരിക്കുന്ന അതേ ഗ്രീക്ക് വാക്കു തന്നെയാണ് "നിത്യമായ" അല്ലെങ്കിൽ "എന്നേക്കും" എന്നതിനും ഉപയോഗിച്ചിരിക്കുന്നത്. ശിക്ഷ നിത്യമല്ലെങ്കിൽ, ജീവനും നിത്യമല്ല. തിരിച്ചും അതാണ് ശരി, ജീവൻ നിത്യമാണെങ്കിൽ, ശിക്ഷയും നിത്യമാണ്. [16]മുൻപ് ശ്രദ്ധിച്ചതുപോലെ, ചില യോജിപ്പുകളിലെ ചില സംഭവങ്ങൾ യോഹന്നാൻ അതു ദിവസങ്ങൾക്ക് മുൻപ് സംഭവിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചൊവ്വാഴ്ച്ചയിൽ നിന്ന് ബുധനാഴ്ച്ച രാവിലത്തേക്ക് മാറ്റിയിട്ടുണ്ട്. ചിലർ ബേഥാന്യയിലെ അത്താഴം (മറിയയുടെ അഭിഷേകത്തോടുകൂടെ) ബുധനാഴ്ച്ചയിലേക്ക് മാറ്റിയിട്ടുണ്ട് (യോഹന്നാൻ 12:1, 2, 12). [17]പിന്നീട്, 36 മണിക്കൂർ – വ്യാഴാഴ്ച്ച രാവിലെ മുതൽ മരിക്കുന്നതു വരെ ഉറങ്ങുവാൻ കഴിഞ്ഞില്ല. [18]ന്യായാധിപസഭയിലെ യേശുവിനോട് താല്പര്യമുള്ള അംഗങ്ങളെ (ഉദാഹരണത്തിന് നിക്കൊദേമൊസും, അരിമഥ്യക്കാരനായ യോസേഫും) ആ യോഗത്തിലേക്ക് ക്ഷണിച്ചിരിക്കയില്ല. [19]കയ്യഫാവിനെ കുറിച്ച് അറിയുവാൻ, *ക്രിസ്തുവിന്റെ ജീവിതം, 9* ലെ "ആവശ്യം:മനോഭാവ ക്രമീകരണം" എന്ന പാഠം നോക്കുക. [20]ഡി. എച്ച്. വീറ്റൺ, "മണി" ഇൻ *ദ ഇല്ലസ്ട്രേറ്റഡ് ബൈബിൾ ഡിക്ഷ്ണറി,* പാർട്ട്, 2 എഡി. എൻ. ഹിൽയെർ (ഡൗണേഴ്സ് ഗ്രോവ്, Ill.:ഇന്റർ വാഴ്സിറ്റി പ്രസ്, 1980), 1022.

[21]*ക്രിസ്തുവിന്റെ ജീവിതം, 4* ലെ "ശിഷ്യന്മാരുടെ അടയാളം" എന്ന പാഠം നോക്കുക. [22]യൂദാക്ക് ആദ്യം എത്ര രൂപ കിട്ടി എന്ന് നിങ്ങളുടെ വിദ്യാർത്ഥികൾക്ക് ബോധ്യപ്പെടുവാൻ നിങ്ങൾക്ക് വേണമെങ്കിൽ നിങ്ങളുടെ പ്രദേശത്തെ സാധാരണ ഒരു ജോലിക്കാരന്റെ നാലു മാസത്തെ വേതനം കണക്കാക്കി പറയാം. [23]എഫ്. ലഗാർഡ് സ്മിത്ത്, *ദ നറേറ്റഡ് ബൈബിൾ ഇൻ ക്രൊണോളജിക്കൽ ഓർഡർ* (യൂജീൻ, ഒറേഗ്.:ഹാർവെസ്റ്റ് ഹൗസ് പബ്ലിഷേഴ്സ്, 1984), 1453. പുറപ്പാട് 21:32 നോക്കുക. അത് ഒരു നല്ല ദാസന്റെ ശമ്പളമായിരുന്നു. [24]യൂദാക്ക് മുപ്പതു വെള്ളിക്കാശ് മാത്രമേ കിട്ടിയിരുന്നുള്ളു എന്നത്, ശ്രദ്ധിക്കേണ്ടതാണ് (മത്തായി 27:3, 5 നോക്കുക). [25]ബി. എസ്. ഡീൻ, "ആൻ ഔട്ട്ലൈൻ ഓഫ് ന്യുടെസ്റ്റമെന്റ് ഹിസ്റ്ററി," *ട്രൂത്ത് ഫോർ ടുഡേ* (മാർച്ച് 1992), 25. [26]അധികാരികളോട് യേശുവിനെ കുറിച്ച് വിവരം ധരിപ്പിക്കുക എന്നതു ഒരു രാജ്യസ്നേഹിയായ തന്റെ കടമയാണെന്ന് യൂദാ ധരിച്ചിരുന്നതായി പറയപ്പെട്ടിട്ടുണ്ട് (യോഹന്നാൻ 11:57 നോക്കുക). അതു തന്റെ മനസാക്ഷി തന്നെ കുറ്റപ്പെടുത്താതിരിക്കുവാൻ യൂദാ കണ്ടെത്തിയ മാർഗമായിരിക്കാം. പക്ഷെ അവന്റെ ചോദ്യം "എന്തു തരും?" എന്നതു ഒരു രാജ്യസ്നേ

ഹിയുടെ മനസിലുണ്ടാകുന്നതല്ല. [27]എച്ച്. ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യൂടെസ്റ്റമെന്റ്* (ലിബെർട്ടി, മോ.:ക്വാളിറ്റി പ്രസ്, 1963), 195. [28]ഉദാഹരണത്തിന്, യേശുവിനെ അവന്റെ ഭൗതികമായ, രാഷ്ട്രീയമായ രാജ്യസ്ഥാപനത്തിന് യൂദാ അവനെ പ്രേരിപ്പിക്കുകയായിരുന്നു എന്ന് ചിലർ പറഞ്ഞിട്ടുണ്ട്. തന്റെ പ്രവൃത്തികളുടെ എല്ലാ അനന്തരഫലങ്ങളും മുൻകാണുവാൻ യൂദാക്ക് കഴിഞ്ഞില്ല എന്നതു വാസ്തവമാണ് (മത്തായി 27:3–5), എന്നാൽ ആ ഒറ്റിക്കൊടുക്കുന്നതിൽ നല്ല ഉദ്ദേശമൊന്നുമുള്ളതായി ബൈബിളിൽ പറയുന്നില്ല. [29]മുൻപ്, യേശു അവനെ ഒരു “പിശാച്” എന്നു വിളിച്ചിട്ടുണ്ട് (യോഹന്നാൻ 6:70). [30]സാത്താൻ ഒരു മനുഷ്യന്റെ ഹൃദയത്തിൽ കടന്ന് വ്യാജം പറയുവാൻ പ്രേരിപ്പിക്കുന്നതിന്റെ മറ്റൊരു ഉദാഹരണത്തിന്, പ്രവൃത്തികൾ 5:3, 4 നോക്കുക.

[31]നാം കാണുവാൻ പോകുന്നതുപോലെ, യൂദാ പെസഹാ ആചരിക്കുന്നതിന് യേശുവിനോടും മറ്റു അപ്പൊസ്തലന്മാരോടുംകൂടെ മാളികമുറിയിലേക്ക് പോകുന്നു. [32]യൂദായുടെ പ്രത്യക്ഷതക്ക് മാറ്റം വരുത്തിയിരുന്നില്ല എന്ന് തുടർന്നുള്ള സംഭവങ്ങൾ വ്യക്തമാക്കുന്നു. അവൻ ചെയ്തതു യേശുവിന് അറിയാമായിരുന്നു, എന്നാൽ മറ്റു ശിഷ്യന്മാർക്ക് സംശയമൊന്നുമുണ്ടായിരുന്നില്ല. [33]ക്വോട്ടഡ് ഇൻ ബി. എസ്. ഡീൻ,“ആൻ ഔട്ട്ലൈൻ ഓഫ് ന്യൂടെസ്റ്റമെന്റ് ഹിസ്റ്ററി,” *ട്രൂത്ത് ഫോർ ടുഡേ* (മാർച്ച് 1992), 25. [34]ജെ. ഡബ്ല്യു. മെക്ഗാർവേ ആന്റ് ഫിലിപ്പ്.വൈ പെൻലറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ ഏ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി:സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 644. [35]പെരുന്നാളിന് ആവശ്യമായ സാധനങ്ങളെല്ലാം വീട്ടുടയവൻ വാങ്ങിയിരിക്കുവാനും സാധ്യതയുണ്ട്. [36]*മിഷ്നായിൽ* പറഞ്ഞിരിക്കുന്നതുപോലെ, കുഞ്ഞാടിനെ മൂന്നു ദിവസം മുൻപ് തന്നെ ഏർപ്പെടുത്തിയിരിക്കാൻ സാധ്യതയുണ്ട് (പെസാഹിം 9.5). [37]ആ വിശദാംശങ്ങൾ ക്രൂശിന്മേൽ വെച്ച് യേശുവിന്റെ അസ്ഥികളൊന്നും ഒടിഞ്ഞില്ല എന്നതുമായി ഒത്തിരിക്കുന്നു (യോഹന്നാൻ 19:31–36). [38]യേശുവിന്റെ കാലത്തെ പെസഹയെ കുറിച്ച് പഴയനിയമത്തിലും പുതിയനിയമത്തിലും, യെഹൂദന്മാരുടെ സമകാലിക ഉപദേശം സൂക്ഷിച്ചിരിക്കുന്നതും, ജോസെഫസിന്റെ എഴുത്തുകളും പറയുന്നു. ഇവിടെ പറഞ്ഞിരിക്കുന്ന പെരുന്നാളിന്റെ സാധനങ്ങൾ *മിഷ്നയിൽ*നിന്നാണ് (പെസഹിം 10.1, 3–5). [39]ആൽഫ്രെഡ് എഡെർഷെയിം, *ദ ലൈഫ് ആന്റ് ടൈംസ് ഓഫ് ജീസസ് ദ മെസയാ*, ന്യൂ അപ്ഡേറ്റഡ് വെർഷൻ പീബഡി, (മാസ്.:ഹെൻഡ്രിക്സൺ പബ്ലിഷേഴ്സ്, 1993), 809, 817. മറ്റുള്ള എഴുത്തുകാർ പറയുന്നത് മൂന്ന് അല്ലെങ്കിൽ നാല് കപ്പുകൾ എന്നാണ്. [40]അപ്പഖണ്ഡം മുറിച്ച്, കുഴമ്പുപോലെയുള്ളതിൽ മുക്കിയാണ് വായിക്കകത്ത് ഇടുന്നത്. അതാണ് യോഹന്നാൻ 13:26–ൽ പറഞ്ഞിരിക്കുന്ന അപ്പഖണ്ഡം.

[41]എഡെർഷെയിം, 809, എൻ. 19. [42]മാർവിൻ ആർ.വിൽസൺ, “പെസഹ,” *ഇന്റർനാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, ജെന. എഡി.ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.:ഡബ്ല്യു. എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1939), 3:677. ആ ഉപദേശം ബാബിലോണിയൻ തൽമൂദിൽ ഉണ്ട് (പെസഹിം 64 ബി). [43]ഭക്ഷിക്കുന്നതായ ഉപകരണങ്ങൾ (കത്തി, ഫോർക്ക്, സ്പൂൺ തുടങ്ങിയവ) ഒന്നുമില്ലായിരുന്നു. [44]ലെണാർഡ് ഡാ വിൻസിയുടെ പ്രസിദ്ധ പെയിന്റിങ്ങ് *ദ ലാസ്റ്റ് സപ്പർ* (1495–98), അയാളുടെ കാലത്തെ ഭക്ഷിക്കുന്ന രീതി വരച്ചിട്ടുണ്ട്, അത് ക്രിസ്തു ജീവിച്ചിരുന്നപ്പോൾ പാലസ്തീനിലെ ആയിരുന്നില്ല. [45]യേശു തന്നോട് അടുത്തിരുന്നവർക്ക് അപ്പഖണ്ഡം മുക്കി കൊടുത്തിരിക്കുവാനാണ് കൂടുതൽ സാധ്യത (മത്തായി 26:23; യോഹന്നാൻ 13:26). [46]യേശു ശിഷ്യന്മാരുമായി പെസഹ ഭക്ഷിച്ചിരുന്നതായി യേശു സൂചിപ്പിച്ചിരുന്നുവെങ്കിലും (മത്തായി 26:18; മർക്കൊസ് 14:14; ലൂക്കൊസ് 22:11 നോക്കുക), ചിലർ പറയുന്നത്, ആ ഭക്ഷണം പെസഹാ ഭക്ഷണമായിരുന്നില്ല, അതിനു മുൻപുള്ള അത്താഴമായിരുന്നു എന്നാണ്, അതിനെ പിന്തുണക്കുന്ന ഒരു വേദഭാഗം, യോഹന്നാൻ

13:1 ആണ്, അത്, അത്താഴ സമയത്തെ ആണ് സൂചിപ്പിക്കുന്നത് എന്നാണ് അവർ പറയുന്നത്. എങ്ങനെയായാലും, മറ്റുവേദഭാഗങ്ങൾ കൂടെ പരിഗണിക്കേണ്ടതായിട്ടുണ്ട്. യോഹന്നാൻ 13:1 പെസഹക്കു തൊട്ടുമുൻപുള്ള സമയത്തെയാണ് സൂചിപ്പിക്കുന്നതെന്ന് തോന്നുന്നു, എന്നാൽ പെസഹാ ഭക്ഷിക്കുന്നതിനെ കുറിച്ച് വാക്യം 2–ൽ പറയുന്നുണ്ട്. [47]റിച്ചാർഡ് റോജേഴ്സ്, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ് ആന്റ് ഹിസ് ടീച്ചിങ്ങ്* (ലബ്ബക്ക്, ടെക്സ്.:സൺസെറ്റ് ഇന്റർ നാഷണൽ ബൈബിൾ ഇൻസ്റ്റിട്യൂട്ട് എക്സ്റ്റേണൽ സ്റ്റഡിസ് ഡിപ്പാർട്ട്മെന്റ്, 1995), 84. [48]വാദം നടന്നത് വൈകുന്നേരമായിട്ടാണ് ലൂക്കൊസ് പറഞ്ഞിരിക്കുന്നത്, സ്വാഭാവികമായ കാൽ–കഴുകലിലേക്ക് നയി–ക്കുന്നതിനുവേണ്ടിയാണ്, അതോടുകൂടെയാണ് നമ്മുടെ അടുത്ത പാഠം ആരംഭിക്കുന്നത്. അവസാന അത്താഴ സമയ നിർണ്ണയത്തിലെ ചില വെല്ലുവിളികൾ നാം ആ പാഠത്തിൽ കാണും (പ്രത്യേകിച്ച് കുറിപ്പുകളിൽ). [49]യേശു മുൻപ് അവരോട് വാഗ്ദാനം ചെയ്തത്, അവർ പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്ന് യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെയും ന്യായം വിധിക്കും എന്നാണ് (മത്തായി 19:28).